# പോത്തൻ കോഡ് ഗ്രാമപഞ്ചായത്ത്

# വാർഡ് നമ്പർ 5

# പുലിവീട്

# <u>സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ</u>

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പനിയമം ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ്. 2005 സെപ്റ്റംബർ അഞ്ചിന് തൊഴിലുറപ്പ് നിയമം പാസ്സാക്കി . 2006 ഫെബ്രുവരിയിൽ 2 നു പദ്ധതി നിലവിൽ വന്നു. ഇന്ത്യയിലെ 200 ജില്ലകളിലാണ് ആരംഭത്തിൽ പദ്ധതി നടപ്പിലാക്കിയത്. 2006ൽ കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ തൊഴിലുറപ്പ് പദ്ധതി ആരംഭിച്ചു. 200 ഓടെ കേരളത്തിലെ എല്ലാ ജില്ലകളിലും തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കി. ഗ്രാമ പ്രദേശങ്ങളിൽ താമസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ 100 അധിക തൊഴിൽ ദിനങ്ങൾ നൽകുന്നതിലൂടെ ദാഹരിദ്ര്യം ലാഹൂകരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖല, ഗ്രാമീണ അടിസ്ഥാന സൗകര്യ വികസ.നം എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. തൊഴിലുറപ്പുപദ്ധതിയിൽ ഇടനിലക്കർ

ഇല്ല. തുടക്കത്തിൽ 125 രൂപ കൂലിയിൽ നിന്നും ഘട്ടം ഘട്ടമായി 271 രൂപ നിലവിൽ ലഭിക്കുന്നു. തൊഴിൽ ഉറപ്പ് നിയമം സെക്ഷൻ 17(A) പ്രകാരമാണ് സോഷ്യൽ ഓഡിറ്റ് നടത്തണം എന്ന് നിഷ്കർഷിക്കുന്നത്. ഫയൽ പരിശോധന, ഫീൽഡ് പരിശോധന, തൊഴിലാളികളുമായി ഉള്ള ആശയവിനിമയത്തിന് ശേഷമാണ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ നടത്തുന്നത്. ഈ ഗ്രാമസഭയിൽ തൊഴിലാളികളിൽ നിന്ന് ഒരാളെയാണ് അധ്യക്ഷയായി തിരഞ്ഞെടുക്കുന്നത്.

## ഫയൽ പരിശോധന റിപ്പോർട്ട്

പ്രവൃത്തിയുടെ പേര് :ഭൂ സംരക്ഷണം, ലൈഫ് ഭവന നിർമ്മാണം

| പ്രവർത്തിയുടെ കോഡ് | തീയതി | | തുക | |
|---|---|---|---|---|
| | ആരംഭിച്ചത് | പൂർത്തിയാക്കിയത് | അനുവദിച്ചത് | ചെലവായത് |
| DP/273973 | 21/11/18 | 17/03/18 | 3, 10,000 | 2, 78484 |

| | | | | |
|---|---|---|---|---|
| DP/273975 | 21/11/18 | 25/02/19 | 5, 00,000 | 4, 9999 |
| DP/275379 | 28/11/18 | 26/03/19 | 4,23,000 | 3, 17676 |
| DP/273974 | 01/12/18 | 04/02/19 | 4, 44000 | 4, 22832 |

ഭൂസംരക്ഷണവുമായി ബന്ധപ്പെട്ട 4 ഫയലുകളും ആണ് ഞങ്ങൾ പരിശോധിച്ചത്. അതിൽ നിന്നും

കവർ പേജ്

AMC പ്രകാരമുള്ള രേഖകൾ അടങ്ങിയ കവർപേജ് ഉണ്ടായിരുന്നു. ജിയോ ടാഗിംഗ് അസറ്റ് ഐഡി , വർക്ക് അസറ്റ് ഐഡി, ജിപിഎസ് ലൊക്കേഷൻ എന്നിവ ഇല്ലായിരുന്നു.

ചെക്ക് ലിസ്റ്റ്

ചെക്ക്ലിസ്റ്റ് ഉണ്ടായിരുന്നു. പേജ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല

ആക്ഷൻ പ്ലാൻ ഇല്ലായിരുന്നു.

ഭരണാനുമതി ഇല്ലായിരുന്നു.

സാങ്കേതിക അനുമതി ഉണ്ടായിരുന്നു.എന്നാൽ secure ൽ നിന്നും ലഭ്യമാകുന്ന കോപ്പി ആണ്

ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

ഡ്രോയിങ്സ് ആൻഡ് ഡിസൈൻ ഉൾപ്പെടുത്തിയിരുന്നില്ല.

തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള ഫോറം ഇല്ല

തൊഴിൽ അനുവദിച്ചുകൊണ്ടുള്ള ഫോറം ഇല്ലായിരുന്നു.

മസ്റ്റർ റോൾ

4 ഫയലുകളിലായി 130 മസ്റ്റർ റോളുകൾ ഉണ്ടായിരുന്നു. മസ്റ്റർ റോളുകളിൽ എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

മസ്റ്റർ റോളിൽ ഒന്നും തന്നെ വർക്ക് സ്റ്റാർട്ട് ഡേറ്റ്, ചെക്ക് സൈൻ, പഞ്ചായത് സെക്രട്ടറി സൈൻ, സീൽ എന്നിവ ഇല്ലായിരുന്നു.

ഫയൽ ടാകിംഗ് ഫോം ഇല്ലായിരുന്നു.

മസ്റ്റർ റോൾ മൂവേമെന്റ് സ്ലിപ് ഇല്ല

wage list ഉണ്ടായിരുന്നു.

FTO ഇല്ല.

ത്രീ സ്റ്റേജ് ഫോട്ടോ ഉണ്ടായിരുന്നില്ല.

ജിയോടാഗ്ഡ് ഫോട്ടോഗ്രാഫ് ഉൾപെടുത്തിട്ടില്ല എന്നാൽ DP/ 273973 ജിയോടാഗ്ഗ്ഡ് ഫോട്ടോഗ്രാഫ് ഫയലിൽ ഉണ്ടായിരുന്നു

വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഉണ്ട്

സൈറ്റ് ഡയറി ഉണ്ടായിരുന്നു.

- M book ഉണ്ടായിരുന്നു

## ഫീൽഡ് പരിശോധന റിപ്പോർട്ട്

2018-19 ഒക്ടോബർ 1 മുതൽ മാർച്ച് 31 വരെ കാലഘട്ടത്തിൽ പുലിവീട് വാർഡിൽ നടന്ന പ്രവർത്തികളുമായി ബന്ധപ്പെട്ട 4 ഫയലുകളിലുമായി 24 സ്വകാര്യവ്യക്തികളുടെ പുരയിടങ്ങൾ ആണ് ഞങ്ങൾക്ക് പരിശോധിക്കാൻ ഉണ്ടായിരുന്നത്. സന്ദർശിച്ച പുരയിടങ്ങളിൽ എല്ലാം തന്നെ നല്ല രീതിയിൽ പ്രവർത്തി നടന്നതായി കാണാൻ കഴിഞ്ഞു. സൈറ്റിലും CIB ഉണ്ടായിരുന്നു. ഫസ്റ്റ് എയ്ഡ് ബോക്സ് പിരിവ് എടുത്തു വാങ്ങിയതായും എന്നാൽ ഗീതകുമാരി മേറ്റ് ആയ പ്രവർത്തിയിൽ phc ൽ നിന്നും ലഭ്യമായിരുന്നു എന്നും അറിയാൻ കഴിഞ്ഞു.CIB യുടെ ചിലവ് പിരിവ് എടുത്താണ് കണ്ടെത്തിയതെന്നും ഇതുവരെയും തിരികെ ലഭിച്ചില്ല എന്നും അറിയാൻ കഴിഞ്ഞു. സൈറ്റിൽ നടന്ന അപകടത്തിന് ചികിത്സ ചിലവ് ലഭിചച്ചിരുന്നില്ല എന്ന് തൊഴിലാളികൾ അഭിപ്രായപെട്ട് .

## <u>ഡോർ റ്റു ഡോർ വെരിഫിക്കേഷൻ റിപ്പോർട്ട്</u>

06/11/2019 രാവിലെ 10.30 ന് കൺവീനരോട് വിളിച്ചറിയുകയും അപ്രകാരം തൊഴിലാളികൾ സൈറ്റിൽ ഒരുമിച്ചുകൂടുകയും ചെയ്തു. തൊഴിലാളികളോട് പത്ത് അവകാശങ്ങളെ പറ്റി ചോദിക്കുകയും എന്നാൽ അവകാശങ്ങൾ അറിയാത്ത സാഹചര്യത്തിൽ വി.ആർ.പി. ധന്യ , 10 അവകാശങ്ങളെപ്പറ്റി തൊഴിലാളികൾക്ക് പറഞ്ഞുകൊടുക്കുകയും മറ്റു വി. ആർ.പി മാർ തൊഴിൽ കാർഡ് പരിശോധന നടത്തുകയും ചെയ്തു. തൊഴിലാളികൾക്കാർക്കും 10 അവകാശങ്ങളെപ്പറ്റി കാര്യമായി അറിവില്ലായിരുന്നു. തൊഴിൽ കാർഡ് അപൂർണമായിരുന്നു.

**പുലിവീട് വാർഡ്**

**സോഷ്യൽ ഓഡിറ്റ്**

## <u>ഗ്രാമസഭ റിപ്പോർട്ട്</u>

- **8/11/2019**

- **സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.**
- **പോത്തെൻകോഡ് ബ്ലോക്ക്.**
- **പോത്തെൻകോഡ് പഞ്ചായത്ത്.**
- **പുലിവീട് വാർഡ്.**

**<u>അജണ്ട</u>**

★ ***ഈശ്വരപ്രാർത്ഥന.***
★ ***ഭരണഘടനാ പ്രതിജ്ഞ.***
★ ***സ്വാഗതം.***
★ ***റിപ്പോർട്ട് അവതരണം.***
★ ***ചർച്ച.***
★ ***കൃതജ്ഞത.***

പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ പുലി വീട് വാർഡിലെ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കരൂർ ഗൈഡൻസ് ട്യൂട്ടോറിയൽ രാവിലെ 10 30 ന് നടന്നു യോഗത്തിൽ അധ്യക്ഷ സ്ഥാനത്തേക്ക് 100 ദിവസം പൂർത്തിയാക്കിയ ശ്രീമതി ദീപ തിരഞ്ഞെടുത്തു.ഈശ്വര പ്രാർത്ഥനയ്ക്കു ശേഷം ഭരണഘടന പ്രതിജ്ഞVRP സുബിയ ചൊല്ലികൊടുത്തു. തുടർന്ന് യോഗത്തിൽ സ്വാഗതപ്രസംഗം പുലി വീട് വാർഡ് മെമ്പർ ശ്രീമാൻ ബാലമുരളി നിർവഹിച്ചു. ആമുഖപ്രസംഗം വി ആർ പി ഷിജു നിർവഹിച്ചു. തുടർന്ന് തൊഴിലാളികളുടെ 10 അവകാശങ്ങളെക്കുറിച്ച് വി ആർ പി ഹസീന

പറഞ്ഞുകൊടുത്തു. പുലി വീട് വാർഡിലെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് VRp ഫസീല അവതരിപ്പിച്ചു. റിപ്പോർട്ട് അവതരണത്തിൽ പ്രധാനമായും ഉൾക്കൊള്ളിച്ചത് 4 ഫയലുകളുടെഫീൽഡിന്റെയും തൊഴിലാളികളുമായി സംസാരിച്ചതിൽ നിന്നും മനസ്സിലാക്കി വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുളത് ആയിരുന്നു.റിപ്പോർട്ട് അവതരണത്തിനു ശേഷം തൊഴിലാളികൾക്ക് അവരുടെ പരാതികളെ കുറിച്ചും സംശയങ്ങൾ കുറിച്ചുമുള്ള ചർച്ചയായിരുന്നു നടന്നത് ചർച്ചയിൽ എല്ലാ അംഗങ്ങളും പങ്കാളികളായിരുന്നു.

**ചർച്ച**

♦ രവീന്ദ്രൻ നായർ — 100 ദിവസം പണി ചെയ്തിട്ടും ആയിരം രൂപ ബോണസ് വന്നില്ല. —9 മണി മുതൽ നാല് മണി വരെ ഇനി ജോലി ചെയ്യൂ കേന്ദ്രസർക്കാർ 276 രൂപ തന്നിട്ട് അടിമപ്പണി ആണ് ചെയ്യിക്കുന്നത്.

— തൊഴിലിടങ്ങളിൽ വച്ച് ഒരാൾക്ക് അപകടമോ മരണമോ സംഭവിച്ചാൽ എന്താണ് ലഭ്യമാകുന്നത്.

♦ രജനി — അഞ്ചാമത്തെ അവകാശമായ പദ്ധതികൾ ആസൂത്രണം ചെയ്യാൻ ഉള്ള അവകാശം നമുക്ക് ഉണ്ടെന്നു പറഞ്ഞല്ലോ കഴിഞ്ഞപ്രാവശ്യം പണിയിൽ വാഴ മാത്രം കൃഷി ചെയ്താൽ മതി എന്നു പറഞ്ഞിരുന്നു എന്നാൽ ഇപ്രാവശ്യം ഞങ്ങൾക് മരിചീനി കൂടി കൃഷി ചെയ്യാമല്ലോ.

— ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപോളിൻ എന്നിവ ഞങ്ങൾ വാങ്ങിച്ചിട് അതിന്റെ ബില്ല് പഞ്ചായത്തിൽ കൊടുക്കുകയും ചെയ്തു എന്നാൽ ഇതുവരെ തുക ഞങ്ങൾക്ക് ലഭ്യമായിട്ടില്ല.

- നൂർജി —ഒരു സൈറ്റിൽ മാത്രമല്ല നിൽക്കുന്നത് 40 ഓളം തൊഴിലാളികൾ ഉള്ളതിനാൽ രണ്ടു സൈറ്റിൽ തൊഴിലാളികൾ തൊഴിൽ ചെയ്യുന്നത് ആയതിനാൽ രണ്ടു സൈറ്റിലും പോയി ഒപ്പിടേണ്ട

അവസ്ഥ ഉണ്ടാകുന്നുണ്ട് അതുകൊണ്ട് തന്നെ വെള്ളം ചൂടാക്കാൻ ഉള്ള സമയം ഒന്നും ലഭിക്കുന്നില്ല അത് ബുദ്ധിമുട്ടുള്ള കാര്യമാണ്.

- കല — തൊഴിലുറപ്പ് സമയം മാറ്റണം.

- നസീഹ —സോഷ്യൽ ഓഡിറ്റ് പകുതിയാകുമ്പോൾ തന്നെ ചെയ്യുക അല്ലെങ്കിൽ ഞങ്ങൾ ചെയ്തിരിക്കുന്ന മഴക്കുഴി

ഒന്നും നിങ്ങൾക്ക് വ്യക്തമായി കാണാൻ കഴിയില്ല.

തൊഴിലാളികളുടെ സംശയങ്ങൾക്ക് ഉദ്യോഗസ്ഥർ മറുപടി നൽകി.

- BRP ശ്രീജ — തൊഴിലിടങ്ങളിൽ വച്ച് തൊഴിലാളികൾക്ക് അപകടം പറ്റിയാൽ പെട്ടെന്നുതന്നെ പ്രാഥമിക ശുശ്രൂഷ കിറ്റ് ഉപയോഗിക്കാം, തുടർന്ന് ഈ വിവരം പഞ്ചായത്ത് അംഗങ്ങൾ, മെമ്പർ, എൻആർഇജി സെക്ഷനിൽ, അറിയിക്കണം ശേഷം വ്യക്തിയെ ആശുപത്രിയിൽ എത്തിക്കണം ആശുപത്രിയിൽ ഉണ്ടാകുന്ന ചിലവുകളുടെ തുക തുടങ്ങിയ വിവരങ്ങൾ ഫ്രണ്ട് ഓഫീസിൽ അപേക്ഷയോടൊപ്പം നൽകണം.

— 100 ദിവസത്തെ തൊഴിൽ ചെയ്തിട്ട് ആയിരം രൂപ ബോണസ് വരാത്തവർ അവരവരുടെ അക്കൗണ്ട് അപ്ഡേറ്റ് ചെയ്യണം. ആധാറുമായി ബന്ധപ്പെടുത്തിയിട്ടുള്ള അക്കൗണ്ടിൽ മാത്രമേ പണം വരികയുള്ളൂ, ഒരുപാട് അക്കൗണ്ട് ഉള്ളവർ എല്ലാ അക്കൗണ്ടും പരിശോധിച്ചു നോക്കണം.

— 40 പേർ ഒരു മേറ്റിന്റെ കീഴിൽ ഉണ്ടെങ്കിൽ 20 പേർ വീതം ഓരോ മേറ്റിന്റെ കീഴിൽ ആവുക. പിന്നെ ഒരു മേറ്റ് അല്ലെങ്കിൽ കൺവീനർ ആകേണ്ടത് 15 ദിവസമാണ്.

മസ്റ്റർ റോൾ സൈറ്റിൽ കൊണ്ടുപോകേണ്ട തിരികെ കൊണ്ടുവരേണ്ടത് ഓവർസിയർ ചുമതലയാണ്. മേറ്റ് തന്റെ സ്വന്തം ആവശ്യത്തിനായി പോയാൽ muster റോളിൽ ഒപ്പ് രേഖപ്പെടുത്തുവാൻ പാടില്ല.

♦ ഡാറ്റാ എൻട്രി ഓഫീസർ —

തൊഴിൽ ആരംഭിച്ച സമയത്ത് തൊഴിൽ കാർഡ് എടുക്കുന്നതിനുള്ള പൈസ ADS അക്കൗണ്ടിൽ പോയിട്ടുണ്ടായിരുന്നു.

മൺവെട്ടി മേടിച്ചു കൊടുത്തിട്ടുണ്ട് അത്ADS, CDS സെക്രട്ടറിമാർ ഒപ്പിട്ട് രേഖയും ഉണ്ട്. ബോർഡ്, ഇപ്പോഴുള്ള ഫസ്റ്റ് എയ്ഡ് ബോക്സ്, എന്നിവയ്ക്കുള്ള ഫണ്ട് വന്നിട്ടില്ല. നിങ്ങൾ ഫ്രണ്ട് ഓഫീസിൽ പരാതി നൽകുമ്പോൾ ഇതുകൂടി പറയുക.

♦ വാർഡ് മെമ്പർ — മേറ്റ് മാരുടെ ദൗർലഭ്യം ഉണ്ട്, ആർക്കും മേറ്റിന്റെ സ്ഥാനം വഹിക്കാൻ ഒരു താൽപര്യവുമില്ല.

♦ ഡാറ്റാ എൻട്രി ഓഫീസർ —

22 ഡോക്യുമെന്റ് മാഢം പറഞ്ഞപ്രകാരം ഫയലുകളിൽ വച്ചിട്ടുണ്ട്,  അതിൽ ചിലത് ലഭ്യമായിട്ടില്ല ഡിമാൻഡ് ഫോം (3A, 3B) അറിയില്ല.

— 100 ദിവസത്തെ പണി ചെയ്തവർക്ക് ആയിരം രൂപ ലഭ്യമായിട്ടില്ല എന്ന പരാതി ഉണ്ടായി, അക്കൗണ്ട് ആദ്യം നിങ്ങൾ അപ്ഡേറ്റ് ചെയ്യുക,  ആധാർ ബേസ്ഡ് പെയ്മെന്റ് ആണ്.

തൊഴിലാളികളുടെ പരാതികളെ കുറിച്ചും സംശയങ്ങൾ കുറിച്ച് വ്യക്തമായി മനസ്സിലാക്കി കൊടുത്തു.  റിപ്പോർട്ട് തൊഴിലാളികൾ കൈയടിച്ചു പാസാക്കി.

തുടർന്ന് കൃതജ്ഞത ഓവർസിയർ നൗഷാദ് രേഖപ്പെടുത്തി. ദേശീയ ഗാനത്തോടുകൂടി യോഗം പിരിച്ചുവിട്ടു.